നമ്പർ.വൈ(1)/29001/2010/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി. 13.10.2010.

## സർക്കുലർ

023437

വിഷയം:- പൊതുവിദ്യാഭ്യാസം-2010-11 വർഷത്തെ ഉപജില്ലാ, റവന്യൂ ജില്ലാ സംസ്ഥാന തല ശാസ്ത്ര മത്സരങ്ങൾ സംഘടിപ്പിക്കുന്നത്- സംബന്ധിച്ച്-

സൂചന:-

------------

2010-11 വർഷത്തെ ഉപജില്ലാ, റവന്യൂ ജില്ലാതല മൽസരങ്ങൾ സംഘടിപ്പിക്കുമ്പോൾ ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(1) **സ്കൂൾ, ഉപജില്ലാ, റവന്യൂ ജില്ലാതലങ്ങളിൽ നടത്തേണ്ട ശാസ്ത്ര ക്വിസ്സ്, ടാലന്റ് സെർച്ച് പരീക്ഷ**

സ്കൂൾ തലത്തിൽ യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തേണ്ട ശാസ്ത്ര ക്വിസ്സ് മൽസരം ഒക്ടോബർ 30-ന് മുൻപ് നടത്തേണ്ടതും, ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന കുട്ടികളെ അന്ന്തന്നെ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറെ അറിയിക്കേണ്ടതാണ്. ഈ മത്സരത്തിന് വേണ്ട ചോദ്യപേപ്പറുകൾ അതാത് സ്കൂളിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

ഉപജില്ലാതല ക്വിസ്സ് മൽസരം നവംബർ 20-ന് മുൻപ് നടത്തേണ്ടതാണ്. ഓരോ വിഭാഗത്തിലും ഒന്നും, രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവരുടെ പേര് വിവരം അന്നുതന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കേണ്ടതാണ്. ഈ മൽസരത്തിന് വേണ്ട ചോദ്യപ്പേറുകൾ റവന്യൂജില്ലാതലത്തിൽ നിന്നും വാങ്ങേണ്ടതാണ്.

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ടാലന്റ് സെർച്ച് പരീക്ഷ നവംബർ 21 ന് മുൻപ് നടത്തേണ്ടതാണ്. ഓരോ വിഭാഗത്തിലും ഒന്നും, രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവരുടെ പേര് വിവരം അന്നുതന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കേണ്ടതാണ്. ഈ മത്സരത്തിന് വേണ്ട ചോദ്യപേപ്പറുകൾ റവന്യൂ ജില്ലാതലത്തിൽ നിന്നും വാങ്ങേണ്ടതാണ്.

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ടാലന്റ് സെർച്ച് പരീക്ഷ നവംബർ 21 ന് മുൻപ് നടത്തേണ്ടതാണ്. മത്സരത്തിന് വേണ്ട ചോദ്യപേപ്പറുകൾ റവന്യൂ ജില്ലാതലത്തിൽ നിന്നും നൽകുന്നതാണ്.

റവന്യൂ ജില്ലാതല ക്വിസ്സ്, ടാലന്റ് സെർച്ച് മത്സരങ്ങൾ നവംബർ 25-ന് മുൻപ് നടത്തേണ്ടതാണ്. ടി മത്സരങ്ങൾക്കുള്ള ചോദ്യപേപ്പറുകൾ അതാത് ജില്ലകളിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

..2..

**(2) സി.വി.രാമൻ ഉപന്യാസ മത്സരം. (എച്ച്.എസ്.വിഭാഗം)**

2010–11 വർഷത്തെ സംസ്ഥാനതല സി.വി.രാമൻ ഉപന്യാസ മത്സരം ഒക്ടോബർ മാസം 29–ന് ആലപ്പുഴ ലജ്നത്തുൾ മുഹമ്മദീയ എച്ച്.എസ്.എസിൽ വച്ച് നടത്തുന്നതാണ്. ഉപജില്ലാ, റവന്യൂജില്ലാതല മത്സരങ്ങൾ യഥാസമയം പൂർത്തിയാക്കേണ്ടതാണ്. റവന്യൂ തലത്തിൽ ഒന്നും, രണ്ടും സ്ഥാനം ലഭിയ്ക്കുന്നവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഉപന്യാസം 1500 വാക്കുകളിൽ അധികമാകുവാൻ പാടുള്ളതല്ല.

വിഷയം:– (1) ഭൂവിനിയോഗവും, ജൈവവൈവിദ്ധ്യ സംരക്ഷണവും.

(2) സാങ്കേതിക വിദ്യയും, പരിസ്ഥിതിയും

(3) ഗ്രീൻ എനർജി–സാധ്യതകളും, പരിഹാരങ്ങളും.

മേൽ പരാമർശിച്ച മൂന്ന് വിഷയങ്ങളിൽ നിന്നും ഒരെണ്ണം അന്നേദിവസം രാവിലെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നതാണ്.

3. സംസ്ഥാനതല ശാസ്ത്രമേളയോടനുബന്ധിച്ചു നടത്തുന്ന സയൻസ് പ്രോജക്ട് മത്സരം ഒരു ഹാളിൽ ജഡ്ജസിന് മുന്നിൽ അവതരിപ്പിക്കേണ്ടതും, അവതരണശേഷം അതാത് സ്റ്റാളുകളിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. രജിസ്ട്രേഷൻ സമയത്തു തന്നെ വിദ്യാർത്ഥികളുടെ പ്രോജക്ടുകൾ ജഡ്ജസിന് മൂല്യനിർണ്ണയം നടത്തുവാനായി നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4. 2010–11 വർഷത്തേയ്ക്കുള്ള ഇൻവസ്റ്റിഗേറ്ററി പ്രോജക്ടുകൾ ഇനിയും അയച്ചു തന്നിട്ടില്ലാത്ത റവന്യൂ ജില്ലകളിൽ നിന്നും ഈ റിപ്പോർട്ടുകൾ ഒക്ടോബർ 30 –ന് മുൻപായി വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിച്ചുതരേണ്ടതാണ്.

5. സംസ്ഥാനതല ശാസ്ത്രമേളയിൽ പ്രദർശിപ്പിക്കുന്ന എക്സിബിഷനുകൾ മുൻവർഷങ്ങളിൽ പ്രദർശിപ്പിച്ചതല്ല എന്ന സർട്ടിഫിക്കറ്റും, സ്കൂൾ ഹെഡ്മാസ്റ്ററുടെ കൈയ്യൊപ്പോടുകൂടിയ 3 സെന്റ് റൈറ്റ് അപ്പും സംസ്ഥാനതല മേളയുടെ രജിസ്ട്രേഷൻ സമയം സമർപ്പിക്കേണ്ടതാണ്.

6. **ശാസ്ത്ര മാഗസിൻ മത്സരം**

എല്ലാ ഹൈസ്കൂളുകളിൽ നിന്നും ഓരോ മാഗസിൻ ഉപജില്ലാതല മത്സരത്തിന് പ്രദർശിപ്പിക്കേണ്ടതാണ്. ഉപജില്ലാ തലത്തിൽ ഒന്നും, രണ്ടും സ്ഥാനം ലഭിക്കുന്ന മാഗസിനുകൾ റവന്യൂ ജില്ലാതലത്തിലും റവന്യൂ ജില്ലാ തലത്തിൽ ഒന്നും, രണ്ടും, സ്ഥാനം ലഭിക്കുന്നവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

നിയമാവലി:- (1) മാഗസിൻ കൈയെഴുത്തിൽ ആയിരിക്കണം.
(2) പുറംചട്ട ഉണ്ടായിരിക്കണം.
(3) ബൈൻഡ് ചെയ്യണം (സ്പൈറൽ ബൈൻഡിംഗ് പാടില്ല)
(4) ഒരു പേര് ഉണ്ടായിരിയ്ക്കണം
(5) സ്കൂൾ, സബ്ജില്ല, റവന്യൂ ജില്ലയുടെ പേര് ഒരിടത്തും പാടില്ല.
(6) എ.4 പേപ്പറിന്റെ ഒരുവശം മാത്രമേ എഴുതാവൂ.
(7) പുറം ചട്ട ഉൾപ്പെടെ 50 പേജിൽ കവിയരുത്.

7. റവന്യൂജില്ലാതല മത്സര വിജയികളുടെ പേര് വിവരം ചുവടെ ചേർത്തിരിയ്ക്കുന്ന വിലാസത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കൈയ്യൊപ്പോടുകൂടി RDSCA സെക്രട്ടറിമാർ അയച്ചുതരേണ്ടതാണ്.

ശ്രീ.എം.ഐ.സുകുമാരൻ,
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (ക്യു.ഐ.പി),
വിദ്യാഭ്യാസ ഡയറക്ടറേറ്റ്,
ജഗതി, തൈയ്ക്കാട്(പി.ഒ),
തിരുവനന്തപുരം-14.

വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവരവരുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂളുകളുടെയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. ശാസ്ത്രമേള ജില്ലാതല മത്സരങ്ങൾ നവംബർ-30 ന് മുൻപ് തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്.

സംസ്ഥാനതല സി.വി.രാമൻ ഉപന്യാസ മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള തിരിച്ചറിയൽ കാർഡിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അവരവരുടെ അധികാരപരിധിയിലുള്ള എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകേണ്ടതാണ്).
2. എല്ലാ RDSCA സെക്രട്ടറിമാർക്കും. (സെക്രട്ടറിമാർ-സബ് ജില്ലാ സെക്രട്ടറിമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്).
3. ഓഫീസ് കോപ്പി & കരുതൽ ശേഖരം.

# IDENTITY CARD

Name of Revenue District ...........................................

(Photo)

| | | |
|---|---|---|
| 1. | Name of Competition. | **C V Raman Upanyasa Malsaram 2010.** |
| 2. | Place of Winner. | **First / Second** |
| 3. | Name of Participant. | |
| 4. | Standard. | |
| 5. | Name of School. | |
| 6. | Centre No. | |
| 7. | Name of Educational District. | |
| 8. | Remarks. | |

Two Identification Marks:

(1) ........................................................................................................

(2) ........................................................................................................

Signature of Participant

(School Seal)

Name and
Signature of the Headmaster

Name and Signature
of the Deputy Director of Education